എ.വൈ.ആർ

### സൂറ-11

# ഹൂദ്

أَفَمَن كَانَ عَلَىٰ بَيِّنَةٍ مِّن رَّبِّهِۦ وَيَتْلُوهُ شَاهِدٌ مِّنْهُ وَمِن قَبْلِهِۦ
كِتَٰبُ مُوسَىٰٓ إِمَامًا وَرَحْمَةً ۚ أُو۟لَٰٓئِكَ يُؤْمِنُونَ بِهِۦ ۚ وَمَن يَكْفُرْ بِهِۦ
مِنَ ٱلْأَحْزَابِ فَٱلنَّارُ مَوْعِدُهُۥ ۚ فَلَا تَكُ فِى مِرْيَةٍ مِّنْهُ ۚ إِنَّهُ ٱلْحَقُّ مِن
رَّبِّكَ وَلَٰكِنَّ أَكْثَرَ ٱلنَّاسِ لَا يُؤْمِنُونَ ﴿١٧﴾

17 വിധാതാവിങ്കൽനിന്നുള്ള തെളിവിൽ നിലകൊള്ളുന്നവർ; വിധാതാവിങ്കൽ നിന്നു തന്നെയുള്ള ഒരു സാക്ഷി ആ തെളിവിനെ പിന്തുടരുന്നുണ്ട്; അതിനുമുമ്പ് മനുഷ്യർക്ക് സദാ സന്മാർഗദർശകവും ദൈവാനുഗ്രഹവുമായി മൂസാക്ക് ലഭിച്ച വേദവുമുണ്ട്; ഇങ്ങനെയുള്ളവർ ഭൗതിക ജീവിതം മാത്രം കാംക്ഷിക്കുന്നവനെപ്പോലെയാകുമോ? ഇത്തരമാളുകൾ ഈ ദിവ്യസന്ദേശത്തിൽ വിശ്വസിക്കുന്നു. അതിനെ നിഷേധിക്കുന്ന മറ്റു കക്ഷികൾക്കൊക്കെയുമുള്ള വാഗ്ദത്ത ഗേഹം നരകമാകുന്നു. ആകയാൽ ഈ സന്ദേശത്തിൽ യാതൊരു സന്ദേഹവും വേണ്ട. നിന്റെ നാഥങ്കൽ നിന്നുള്ള സത്യം തന്നെയാണിത്. പക്ഷേ അധിക ജനവും വിശ്വസിക്കുന്നില്ല.

وَمَنْ أَظْلَمُ مِمَّنِ ٱفْتَرَىٰ عَلَى ٱللَّهِ كَذِبًا ۚ أُو۟لَٰٓئِكَ يُعْرَضُونَ عَلَىٰ
رَبِّهِمْ وَيَقُولُ ٱلْأَشْهَٰدُ هَٰٓؤُلَآءِ ٱلَّذِينَ كَذَبُوا۟ عَلَىٰ رَبِّهِمْ ۚ أَلَا لَعْنَةُ
ٱللَّهِ عَلَى ٱلظَّٰلِمِينَ ﴿١٨﴾

**18** അല്ലാഹുവിന്റെ പേരിൽ കള്ളം കെട്ടിച്ചമച്ചവനെക്കാൾ ദൈവധിക്കാരി ആരുണ്ട്? അത്തരക്കാർ വിധാതാവിന്റെ സമക്ഷം ഹാജരാക്കപ്പെടുന്നതാകുന്നു. ഇവർ വിധാതാവിന്റെ പേരിൽ കള്ളം പറഞ്ഞുവെന്ന് സാക്ഷികൾ മൊഴിനൽകുകയും ചെയ്യും. അറിയുവിൻ, ദൈവധിക്കാരികൾക്കു ദൈവശാപം!

ٱلَّذِينَ يَصُدُّونَ عَن سَبِيلِ ٱللَّهِ وَيَبْغُونَهَا عِوَجًا وَهُم بِٱلْأَخِرَةِ هُمْ

كَـٰفِرُونَ ﴿١٩﴾

**19** ദൈവവഴിയിൽനിന്ന് ജനത്തെ തടയുകയും ആ വഴി വക്രമാക്കാൻ ശ്രമിക്കുകയും ചെയ്യുന്ന ധർമധിക്കാരികൾക്ക്. തീർച്ചയായും അവർ പരലോകത്തെ നിഷേധിക്കുന്നവരുമാകുന്നു.

തെളിവിന്മേൽ ആയവൻ ആണോ =أَفَمَن كَانَ عَلَىٰ بَيِّنَةٍ

(തെളിവിന്മേൽ നിലകൊള്ളുന്നവർ)

അവന്റെ വിധാതാവിങ്കൽനിന്നുള്ള =مِّن رَّبِّهِۦ

ഒരു സാക്ഷി =شَاهِدٌ അതി(ആ തെളിവി)നെ പിന്തുടരുന്നുണ്ട് =وَيَتْلُوهُ

അവനിൽനിന്ന്(വിധാതാവിങ്കൽ നിന്നുതന്നെയുള്ള) =مِّنْهُ

അതിനുമുമ്പ് ഉണ്ട് =وَمِن قَبْلِهِۦ

മൂസായുടെ(മൂസാക്ക് ലഭിച്ച)വേദവും =كِتَـٰبُ مُوسَىٰٓ

നേതാവായി (മനുഷ്യർക്ക് മാർഗദർശകമായി) =إِمَامًا

(ഇങ്ങനെയുള്ളവർ ഭൗതിക ജീവിതം മാത്രം കാംക്ഷിക്കുന്നവനെ=وَرَحْمَةً

പ്പോലെയാകുമോ?) (ദൈവ) അനുഗ്രഹമായി

ഇത്തരം ആളുകൾ =أُوْلَـٰٓئِكَ

ഇതിൽ(ഈ ദിവ്യസന്ദേശത്തിൽ) വിശ്വസിക്കുന്നു =يُؤْمِنُونَ بِهِۦ

കക്ഷികളിൽനിന്ന് വല്ലവനും അതിനെ നിഷേധിച്ചാൽ=وَمَن يَكْفُرْ بِهِۦ مِنَ ٱلْأَحْزَابِ

(അതിനെ നിഷേധിക്കുന്ന മറ്റു കക്ഷികൾക്കൊക്കെയുമുള്ളത്)

അപ്പോൾ നരകം (ആകുന്നു) =فَٱلنَّارُ

അവന്റെ വാഗ്ദത്ത സ്ഥാനം(ഗേഹം) =مَوْعِدُهُۥ

ആകയാൽ (ഈ സന്ദേശത്തിൽ) നീ സന്ദേഹത്തിൽ =فَلَا تَكُ فِى مِرْيَةٍ مِّنْهُ

ആവേണ്ട (യാതൊരു സന്ദേഹവും വേണ്ട)

സത്യ(തന്നെ)യാകുന്നു =ٱلْحَقُّ നിശ്ചയമായും അത് =إِنَّهُ

مِن رَّبِّكَ= നിന്റെ നാഥങ്കൽ നിന്നുള്ള وَلَٰكِنَّ= പക്ഷേ

أَكْثَرَ ٱلنَّاسِ= അധിക ജനവും لَا يُؤْمِنُونَ= വിശ്വസിക്കുന്നില്ല

وَمَنْ أَظْلَمُ= ആരുണ്ട് (ദൈവ)ധിക്കാരി, അക്രമി

مِمَّنِ ٱفْتَرَىٰ= കെട്ടിച്ചമച്ചവനെക്കാൾ عَلَى ٱللَّهِ= അല്ലാഹുവിന്റെ പേരിൽ

كَذِبًا= കള്ളം أُو۟لَٰٓئِكَ= അവർ(അത്തരക്കാർ)

يُعْرَضُونَ= ഹാജരാക്കപ്പെടും

عَلَىٰ رَبِّهِمْ= (സമക്ഷം) മേൽ അവരുടെ വിധാതാവിന്റെ

وَيَقُولُ= (മൊഴി നൽകുകയും ചെയ്യും) പറയും ٱلْأَشْهَٰدُ= സാക്ഷികൾ هَٰٓؤُلَآءِ= ഇവർ

ٱلَّذِينَ كَذَبُوا۟= എന്ന് കള്ളം പറഞ്ഞ(ു)വരാണ്

عَلَىٰ رَبِّهِمْ= അവരുടെ വിധാതാവിന്റെ പേരിൽ أَلَا= അറിയുക لَعْنَةُ ٱللَّهِ= ദൈവശാപം

عَلَى ٱلظَّٰلِمِينَ= (ദൈവ)ധിക്കാരികൾക്ക്

ٱلَّذِينَ يَصُدُّونَ= (ജനത്തെ)തടയു(കയും)ന്നവർക്ക്

عَن سَبِيلِ ٱللَّهِ= ദൈവവഴിയിൽനിന്ന്

وَيَبْغُونَهَا= (ശ്രമിക്കുകയും ആഗ്രഹിക്കുകയും (ആ വഴിയെ) അതിന്ന്,

ചെയ്യുന്ന ധർമധിക്കാരികൾക്ക്)

عِوَجًا= (വക്രമാക്കാൻ)വക്രതയെ وَهُم= അവർ بِٱلْءَاخِرَةِ= പരലോകത്തെ

هُمْ كَٰفِرُونَ= അവർ തീർച്ചയായും നിഷേധിക്കുന്നവരുമാകുന്നു

**17:** 14-ാം സൂക്തത്തിലെ فَهَلْ أَنتُم مُّسْلِمُونَ (ഇനിയെങ്കിലും ഈ യാഥാർഥ്യം നിങ്ങൾ സമ്മതിക്കുമോ) എന്ന വാക്യവുമായി ബന്ധപ്പെട്ടതാണ് ഈ വചനം. പ്രവാചകനെയും ഖുർആനെയും അംഗീകരിക്കാൻ വിസമ്മതിക്കുന്നതിന്റെ കാരണവും വിസമ്മതിക്കുന്നവരുടെ പരിണതിയും 15,16 സൂക്തങ്ങളിൽ വ്യക്തമാക്കിയിട്ടുണ്ട്. ഈ ദീനിൽ വിശ്വസിക്കാൻ തയാറാവുക ആരാണെന്നാണ് ഈ സൂക്തം വ്യക്തമാക്കുന്നത്. അവിശ്വാസികൾക്ക് വിശ്വസിക്കാനുള്ള പ്രേരണയും വിശ്വസിക്കാതിരിക്കുന്നതിലുള്ള ആക്ഷേപവും ധ്വനിപ്പിക്കുന്ന ചോദ്യ ശൈലിയിലാണ് ഈ സൂക്തം അവതരിച്ചിരിക്കുന്നത്. ഇക്കാര്യത്തിൽ ഈ സൂറയിലെ 17-ാം സൂക്തത്തിനും സൂറ *അൽഅഹ്ഖാഫി*ലെ 10-ാം സൂക്തത്തിനും സദൃശമാണീ സൂക്തം.

قُلْ أَرَءَيْتُمْ إِن كَانَ مِنْ عِندِ ٱللَّهِ وَكَفَرْتُم بِهِۦ وَشَهِدَ شَاهِدٌ
مِّنۢ بَنِىٓ إِسْرَٰٓءِيلَ عَلَىٰ مِثْلِهِۦ فَـَٔامَنَ وَٱسْتَكْبَرْتُمْ ۖ إِنَّ ٱللَّهَ لَا يَهْدِى
ٱلْقَوْمَ ٱلظَّٰلِمِينَ

(നിങ്ങൾ ആലോചിച്ചിട്ടില്ലേ, ഈ വചനം അല്ലാഹുവിങ്കൽ നിന്നുതന്നെ ഉള്ളതായിരി

ക്കുകയും എന്നിട്ട് നിങ്ങളതിനെ നിഷേധിക്കുകയുമാണെങ്കിൽ നിങ്ങളുടെ ഗതിയെന്താകും? ഇതുപോലുള്ള വചനത്തിൽ ഇസ്രയേൽ വംശത്തിൽനിന്നുള്ള സാക്ഷി സാക്ഷ്യപ്പെടുത്തിയിട്ടുമുണ്ട്. അവർ വിശ്വസിച്ചു; നിങ്ങളോ ഗർവിഷ്ഠരായി വാഴുന്നു. ഇത്തരം ധിക്കാരികൾക്ക് അല്ലാഹു സന്മാർഗ ദർശനം നൽകാറില്ല – *അൽഅഹ്ഖാഫ്* 10).

പ്രകൃത സൂക്തത്തിൽ أَفَمَن كَانَ عَلَىٰ بَيِّنَةٍ مِّن رَّبِّهِ എന്നതിനു ശേഷം, الحياة الدّنيا كمن كان يريد (ഭൗതിക ജീവിതം മാത്രം കാംക്ഷിക്കുന്നവനെപ്പോലെ) എന്ന വാക്യം അനുക്തമാകുന്നു. അല്ലാഹുവിങ്കൽനിന്നുള്ള തെളിവിൽ നിലകൊള്ളുന്നവർ ഭൗതിക ജീവിത സുഖങ്ങൾ മാത്രം കൊതിച്ച് അതിന്റെ പിന്നാലെ അന്ധമായി പായുന്നവരെപ്പോലെയായിരിക്കുകയില്ല എന്ന് നിങ്ങൾക്കു തന്നെ അറിയാമല്ലോ, ആ നിലക്ക് ഇതിൽ വിശ്വസിക്കുക എന്നത് ഒരു സൽകാര്യവും വിശ്വസിക്കാതിരിക്കുന്നത് അന്ധതയുമാണെന്നു നിങ്ങൾ മനസിലാക്കാത്തതെന്തേ എന്നു സാരം. മൂലത്തിലെ منന്റെയും بينةന്റെയും شاهدന്റെയും أحزابന്റെയും വിവക്ഷകൾക്കും, يتلوه – منه – قبله – يؤمنون به – يكفر به എന്നീ വാക്കുകളിലെ ه എന്ന സർവനാമങ്ങൾക്കും ധാരാളം വ്യാഖ്യാന ഭേദങ്ങളുണ്ട്. എല്ലാ വ്യാഖ്യാനങ്ങളുടെയും സാരാംശം ഒന്നുതന്നെയാണ്.

കൂട്ടത്തിൽ ഏറെ പ്രബലമെന്ന് കരുതുന്ന അർഥ നിർണയങ്ങളെ ആധാരമാക്കിയാണ് ഇവിടെ സൂക്തം തർജമ ചെയ്യുന്നതും വിശദീകരിക്കുന്നതും. من (യാതൊരുവൻ) ഏകവചനമാണെങ്കിലും ബഹുവചനത്തിനും ഉപയോഗിക്കും. ഇവിടെ അതുകൊണ്ടു വിവക്ഷ തുടർന്നു പറയുന്ന ഗുണങ്ങളുള്ള എല്ലാവരുമാണ്. അല്ലാഹു എല്ലാ മനുഷ്യർക്കും പ്രകൃതിപരമായി സന്മാർഗദർശനം നൽകുന്നുണ്ട്. നന്മതിന്മകളെക്കുറിച്ചും ധർമാധർമങ്ങളെക്കുറിച്ചുമുള്ള നൈസർഗിക ബോധവും ആ ബോധത്തെ പോഷിപ്പിക്കുകയും അല്ലാഹുവിന്റെ അസ്തിത്വത്തിലേക്കും ഏകത്വത്തിലേക്കും വിരൽ ചൂണ്ടുകയും ചെയ്യുന്ന പ്രാപഞ്ചിക പ്രതിഭാസങ്ങളുമാണത്. ഈ നൈസർഗിക ബോധത്തിന്റെയും ദൃഷ്ടാന്തങ്ങളുടെയും താൽപര്യമനുസരിച്ച് നിലകൊള്ളാൻ മനുഷ്യൻ തയാറാകണം. അങ്ങനെ നിലകൊള്ളുന്നവരാണ് വിധാതാവിങ്കൽ നിന്നുള്ള തെളിവിൽ നിലകൊള്ളുന്നവർ. അവരെ സംബന്ധിച്ചേടത്തോളം ഈ ദിവ്യസന്ദേശം (ഖുർആൻ) അല്ലാഹുവിങ്കൽനിന്ന് ജന്മനാ ലഭിച്ച തെളിവുകളെ സ്ഥിരപ്പെടുത്തുന്നതിന് അവങ്കൽ നിന്നുതന്നെയുള്ള സാക്ഷിയാണ്. ഈ പ്രവാചകനും അദ്ദേഹം അവതരിപ്പിക്കുന്ന ഖുർആനും വെളിപാടിന്റെ പ്രകടനങ്ങളാണ്. ചിലർ ജിബ്രീലിനെയും ഈ സാക്ഷിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. *അൽബഖറ* പ്രഥമ സൂക്തത്തിൽ ذَٰلِكَ الْكِتَابُ لَا رَيْبَ فِيهِ هُدًى لِّلْمُتَّقِينَ (ഇത് വിശുദ്ധ വേദപുസ്തകം, ഇതിൽ സംശയമേതുമില്ല; തഖ്വയുള്ളവർക്ക് സന്മാർഗദർശകമായിട്ടുള്ളതാണിത്) എന്നു പറഞ്ഞതിലെ مُتَّقِينَ തന്നെയാണ് ഇവിടെ പറയുന്ന مَن كَانَ عَلَىٰ بَيِّنَةٍ مِّن رَّبِّهِ.

നൈസർഗികമായ തെളിവിനെ സ്ഥിരപ്പെടുത്തുന്ന സാക്ഷ്യമായി ഈ വെളിപാട് (ഖുർആൻ/പ്രവാചകൻ) വരുന്നതിനുമുമ്പു തന്നെ മനുഷ്യർക്ക് മാർഗദർശകമായും അനുഗ്രഹമായും പൂർവ പ്രവാചകൻ മൂസാക്ക് ലഭിച്ച വേദമുണ്ട്. അത് നൈസർഗികമായ തെളിവിനെ എന്ന പോലെ ഈ സാക്ഷ്യത്തെയും സ്ഥിരപ്പെടുത്തുന്ന സാക്ഷ്യമാണ്. ആ വേദത്തിലെ പ്രമാണങ്ങളും ശാസനകളും തന്നെയാണ് അടിസ്ഥാനപരമായി ഖുർആനും ഉൾക്കൊള്ളുന്നത്. ഈ വേദത്തിന്റെയും പ്രവാചകന്റെയും ആഗമനം അതു പ്രവചിച്ചിട്ടുമുണ്ട്. പിന്തുടരപ്പെടുന്ന നേതൃത്വമാണ് امام. മറ്റുചില സ്ഥലങ്ങളിൽ هُدًى وَرَحْمَةً (സന്മാർഗദർശകവും അനുഗ്രഹവും) എന്നു പറഞ്ഞ അതേ അർഥത്തി

ലാണ് ഇവിടെ إِمَامًا وَرَحْمَةً എന്നുപയോഗിച്ചിരിക്കുന്നത്. തുടക്കത്തോടൊപ്പം ഒടുക്കവും സൂചിപ്പിക്കുക എന്നതാണ് ഇത്തരം സന്ദർഭങ്ങളിൽ رَحْمَةً പരാമർശത്തിന്റെ പ്രസക്തി. അതായത്, ഈ വേദം ഭൗതിക ജീവിതത്തിന്റെ ശരിയായ മാർഗം കാണിച്ചു തരുന്നു. ആ മാർഗം പിന്തുടരുന്നവർക്ക് പരലോകത്ത് ശാശ്വതമായ ദൈവകാരുണ്യവും അനുഗ്രഹവും ലഭിക്കും. ഈ സൂക്തത്തിന്റെ നേരിട്ടുള്ള സംബോധിതരായ ഖുറൈശികൾ വേദവിശ്വാസികളായിരുന്നില്ലെങ്കിലും യഹൂദരും ക്രൈസ്തവരും വേദവിശ്വാസികളാണെന്നും അവരുടെ കൈവശമുള്ള വേദം സന്മാർഗദർശനം നൽകുന്നുണ്ടെന്നും മനസ്സിലാക്കിയിരുന്നു. ഖുറൈശികളെ മുൻനിർത്തി എല്ലാ മനുഷ്യരോടുമുള്ള ഉൽബോധനമാണ് സൂക്തം ഉൾക്കൊള്ളുന്നത്. ഖുർആനെയും മുഹമ്മദ് നബിയെയും സ്ഥിരീകരിക്കുന്ന സാക്ഷ്യപത്രം കൈവശമുള്ള യഹൂദർ മറ്റുള്ളവരെക്കാൾ മുമ്പെ ഈ വേദം അംഗീകരിക്കാൻ മുന്നോട്ടു വരേണ്ടതാണ് എന്ന സൂചനയുമുണ്ടിതിൽ.

أُوْلَٰٓئِكَ يُؤْمِنُونَ بِهِۦ എന്ന വാക്യത്തിന്റെ അർഥം മേൽപറഞ്ഞ ഗുണങ്ങളുള്ളവർ മാത്രമേ ഈ വേദത്തിലും പ്രവാചകനിലും വിശ്വസിക്കൂ എന്നുമാകാം, ഈ വേദത്തിലും പ്രവാചകനിലും വിശ്വസിക്കുന്നവരൊക്കെയും ഉപരിസൂചിത ഗുണങ്ങളുള്ളവരാകുന്നു എന്നുമാകാം. ഖുർആനെ തള്ളിക്കളയുന്നവർ ഈ ഗുണങ്ങൾ വിലക്കപ്പെട്ടവരാകുന്നു എന്നത് അതിന്റെ അനിവാര്യ താൽപര്യമാകുന്നു.

കക്ഷി, പാർട്ടി, സംഘം എന്നർഥമുള്ള حزبന്റെ ബഹുവചനമാണ് ٱلْأَحْزَابِ. അറേബ്യൻ ഗോത്രങ്ങളെയും വേദവിശ്വാസികളടക്കമുള്ള എല്ലാ മതസമുദായങ്ങളെയുമാണ് ഇവിടെ അതുകൊണ്ടുദ്ദേശിച്ചിട്ടുള്ളത്. ഏതു ജാതിമത വിഭാഗങ്ങളിൽ പെട്ടവരായാലും ഈ അന്തിമദൈവിക മാർഗദർശനത്തെ നിഷേധിക്കുന്നവർക്ക് പരലോക ജീവിതത്തിൽ നരകമല്ലാതൊന്നും പ്രതീക്ഷിക്കാനില്ല. موعد എന്ന വാക്കിന് വാഗ്ദത്തം ചെയ്ത കാര്യം, വാഗ്ദത്ത സമയം, വാഗ്ദത്ത സ്ഥലം എന്നീ അർഥങ്ങളുമുണ്ട്. അതിൽ ഏതും ഇവിടെ സാധുവാകുന്നു.

സൂക്തത്തിന്റെ സാരം ഇതാണ്; തന്നിൽ അല്ലാഹു കത്തിച്ചുവെച്ചിട്ടുള്ള ഉൾവിളക്ക് കെടാതെ സൂക്ഷിക്കുകയും പ്രപഞ്ചത്തിലാകമാനം പരന്നുകിടക്കുന്ന ദൈവിക ദൃഷ്ടാന്തങ്ങൾ ആ വെളിച്ചത്തിൽ കാണുകയും ചെയ്യുന്നവർക്ക് മൗലിക യാഥാർഥ്യങ്ങളിലേക്കുള്ള സൂചനകളും ലക്ഷണവുമാണത്. അനന്തരം മീതെനിന്ന് ഖുർആൻ രൂപത്തിലുള്ള ഒരു സാക്ഷ്യവും കൂടി ലഭിക്കുമ്പോൾ അവർ സ്വന്തം മനഃസാക്ഷിയുടെ ശബ്ദം തിരിച്ചറിയുന്നു. മാനവ മാർഗദർശനാർഥം അവതീർണമായിട്ടുള്ള പൂർവവേദങ്ങളും അവരെ സംബന്ധിച്ചേടത്തോളം ഇതുപോലുള്ള ദൈവിക സാക്ഷ്യങ്ങളാണ്. സ്വന്തം മനസ്സിൽ അവ്യക്ത രൂപത്തിൽ നിലകൊള്ളുന്ന ധാർമികതക്കും ഏകതക്കും ഉപരിലോകത്തുനിന്നു ലഭിക്കുന്ന സാധൂകരണവും വിശദീകരണവും. ദൈവം നൽകിയ ഉൾവെളിച്ചത്തിൽ നിലകൊള്ളുന്ന ഇത്തരം ആളുകൾ ഒരിക്കലും ക്ഷണികമായ ഭൗതിക സുഖങ്ങളിൽ മാത്രം ഭ്രമിച്ച് അന്തർദൃഷ്ടി നഷ്ടപ്പെടുത്തിയവരെപ്പോലെയായിരിക്കുകയില്ല. അവർ ഈ ഖുർആനിൽ വിശ്വസിക്കും. അവരേ വിശ്വസിക്കൂ. പ്രകൃതി നൽകിയ ഉൾവെളിച്ചം നഷ്ടപ്പെടുത്തിയവർക്ക് ദൃഷ്ടാന്തങ്ങൾ കാണാനോ ഈ സാക്ഷ്യത്തിൽ വിശ്വസിക്കാനോ കഴിയില്ല. സൂറ *അസ്സുമർ* 22–ാം സൂക്തത്തിൽ പറഞ്ഞു:

أَفَمَن شَرَحَ ٱللَّهُ صَدْرَهُۥ لِلْإِسْلَٰمِ فَهُوَ عَلَىٰ نُورٍ مِّن رَّبِّهِۦ ۚ فَوَيْلٌ لِّلْقَٰسِيَةِ

قُلُوبُهُم مِّن ذِكْرِ ٱللَّهِ ۚ أُوْلَٰٓئِكَ فِى ضَلَٰلٍ مُّبِينٍ

(ആരുടെ മനസ് അല്ലാഹു ഇസ്‌ലാമിനു വേണ്ടി വിശാലമാക്കിക്കൊടുത്തതിനാൽ സ്വന്തം നാഥങ്കൽനിന്നുള്ള വെളിച്ചത്തിൽ നിലകൊള്ളുന്നുവോ അവൻ ആ വെളിച്ചം നഷ്ടപ്പെടുത്തിയവനെപ്പോലെയാണോ? ദൈവസ്മരണക്കു നേരെ മനസ്സുകടുത്തു പോയവർക്ക് ഹാ കഷ്ടം! അവരത്രെ തെളിഞ്ഞ ദുർമാർഗത്തിലകപ്പെട്ടവർ). ഈ 'വെളിച്ചം' മനുഷ്യ പ്രകൃതി തന്നെയാണെന്ന് സൂചിപ്പിച്ചുകൊണ്ട് സൂറ *അർറൂം* 30-ാം സൂക്തം പറയുന്നു:

فَأَقِمْ وَجْهَكَ لِلدِّينِ حَنِيفًا ۚ فِطْرَتَ ٱللَّهِ ٱلَّتِى فَطَرَ ٱلنَّاسَ عَلَيْهَا ۚ لَا تَبْدِيلَ

لِخَلْقِ ٱللَّهِ ۚ ذَٰلِكَ ٱلدِّينُ ٱلْقَيِّمُ وَلَٰكِنَّ أَكْثَرَ ٱلنَّاسِ لَا يَعْلَمُونَ

(നിഷ്കളങ്കമായി ഈ ദീനിലേക്കുന്മുഖനായിരിക്കുക. അല്ലാഹു മനുഷ്യനെ സൃഷ്ടിച്ചിട്ടുള്ള പ്രകൃതിയിൽ നിലകൊള്ളുക. അല്ലാഹു സൃഷ്ടിച്ച പ്രകൃതി മാറ്റമില്ലാത്തതാകുന്നു. അതാണ് ഋജുവായ ദീൻ. പക്ഷേ അധികജനവും അറിയുന്നില്ല).

എന്നാൽ ഈ സത്യപ്രമാണത്തെയും അതനുശാസിക്കുന്ന ധർമത്തെയും തള്ളിക്കളയുന്നവർ ജാതിമത ഭാഷാദേശമന്യെ ഏതു വിഭാഗത്തിൽപ്പെട്ടവരായാലും അല്ലാഹു അവർക്ക് വാഗ്ദത്തം ചെയ്യുന്നത് നരകമാണ്.

فَلَا تَكُ فِى مِرْيَةٍ مِّنْهُ എന്നുതുടങ്ങുന്ന വാക്യം നേരിട്ട് സംബോധന ചെയ്യുന്നത് പ്രവാചകനെയാണെങ്കിലും ഉദ്ദേശ്യം ഖുർആനുമായി പരിചയപ്പെടുന്ന എല്ലാവരുമാണ്. അവരിൽ വിശ്വാസികളും ഖുർആനിൽ അവിശ്വസിക്കുന്നവരും സംശയിക്കുന്നവരുമെല്ലാം ഉൾപ്പെടുന്നു. പ്രവാചകന് ഖുർആന്റെ കാര്യത്തിൽ സംശയമൊന്നും ഉണ്ടായിരുന്നില്ല. അദ്ദേഹത്തെ സംബന്ധിച്ചേടത്തോളം സൂറ *യൂനുസി*ൽ വന്ന 94,95 സൂക്തങ്ങൾക്ക് സദൃശമാണിത്. എന്നാൽ വിശ്വാസത്തിനും അവിശ്വാസത്തിനും മധ്യേ നിലകൊള്ളുന്നവരിലും, വിശ്വാസം വേണ്ടത്ര ദൃഢമായി ക്കഴിഞ്ഞിട്ടില്ലാത്തവരിലും ഇസ്‌ലാം വിരോധികളുടെ ഖുർആൻ വിമർശനങ്ങളും പരിഹാസങ്ങളും സന്ദേഹങ്ങളുണർത്തിയിരുന്നു. ഈ സാഹചര്യത്തിൽ എല്ലാവരോടുമായി അല്ലാഹു പറയുകയാണ്. അന്ധമായ ഭൗതിക പ്രമത്തതയാൽ ആത്മീയ യാഥാർഥ്യങ്ങൾ കാണാൻ കഴിയാത്ത നിർഭാഗ്യവാന്മാർ ഈ ദൈവിക സന്ദേശം നിഷേധിക്കുന്നുവെങ്കിൽ നിഷേധിക്കട്ടെ. അവരുടെ ആക്ഷേപങ്ങളും പരിഹാസങ്ങളും കേട്ട് നിങ്ങൾ ആശയക്കുഴപ്പത്തിലകപ്പെടേണ്ട. നിങ്ങളുടെ വിധാതാവിങ്കൽ നിന്നുള്ള സാക്ഷാൽ സത്യം തന്നെയാണിത്. പക്ഷേ, മനുഷ്യരിലധികവും ഭൗതിക നേട്ടങ്ങളിൽ മാത്രം അഭിരമിക്കുന്ന ദൗർഭാഗ്യവാന്മാരാകയാൽ ദൈവിക സന്ദേശത്തിൽ വിശ്വസിക്കാൻ തയാറാവില്ല.

**18,19:** ഇവിടം മുതൽ 23-ാം സൂക്തം വരെ സംസാരിക്കുന്നത് പരലോകത്തെ വിചാരണയെയും രക്ഷാ ശിക്ഷകളെയും സംബന്ധിച്ചാണ്. മുൻ സൂക്തങ്ങളിൽ രണ്ടു വിഭാഗം മനുഷ്യരെ ചൂണ്ടിക്കാണിച്ചിരുന്നു. ഒന്ന്, ഭൗതിക ജീവിതത്തിനപ്പുറം ഒന്നുമില്ലെന്ന് കരുതുകയും ഭൗതിക നേട്ടങ്ങൾക്കുവേണ്ടി മാത്രം ശ്രമിക്കുകയും ചെയ്യുന്നവർ. മറ്റേത്, ദൈവദത്തമായ ധർമബോധത്തെ പ്രകൃതിയിൽ കാണപ്പെടുന്ന ദൃഷ്ടാന്തങ്ങളുടെ വെളിച്ചത്തിൽ വളർത്തുകയും ക്ഷണികമായ ഭൗതിക ജീവിതത്തിനപ്പുറമുള്ള പൊരുളുകളന്വേഷിക്കുകയും ചെയ്യുന്നവർ. ഒന്നാമത്തെ കൂട്ടർ ദൈവം നിയോഗിച്ച പ്രവാചകന്മാരെയും അവർ പ്രബോധനം ചെയ്ത വേദപ്രമാണങ്ങളെയും ധർമോപദേശങ്ങളേയും തള്ളിക്കളയുന്നു. രണ്ടാമത്തെ വിഭാഗമാകട്ടെ, പ്രവാചകന്മാരും അവരവതരിപ്പിക്കുന്ന സന്ദേശവും തങ്ങൾ അന്വേഷിച്ചുകൊണ്ടിരിക്കുന്ന പൊരുളുകൾ തന്നെയാ

ണെന്ന് കണ്ടെത്തുകയും കൈക്കൊള്ളുകയും ചെയ്യുന്നു. ഈ രണ്ടു വിഭാഗത്തിന്റെയും പാരത്രിക പരിണതികൾ തമ്മിലുള്ള വ്യത്യാസവും ആ വ്യത്യാസത്തിന്റെ ന്യായവുമാണ് ഈ സൂക്തങ്ങളിൽ വ്യക്തമാകുന്നത്.

കള്ളം കെട്ടിച്ചമക്കുക എന്നർഥമുള്ള إفتراءൽ നിന്നുള്ള ഭൂതകാലക്രിയയാണ് إفترى. വ്യാജനിർമിതി, അടിസ്ഥാനരഹിതമായ വാദം, വിശ്വാസം തുടങ്ങിയ അർഥങ്ങളിലും إفتراء ഉപയോഗിക്കും. ഒരാളിൽ ഇല്ലാത്ത ഗുണദോഷങ്ങൾ ആരോപിക്കുന്നതും അയാളെക്കുറിച്ചുള്ള إفتراءആണ്. വസ്തുക്കളെ കൃത്രിമമായി സൃഷ്ടിച്ച് യഥാർഥമാണെന്ന് പറയുന്നതും അപ്രകാരം തന്നെ. أَفْتَرَىٰ عَلَى ٱللَّهِ എന്ന വാക്യം ഈ ആശയങ്ങളെയെല്ലാം വഹിക്കുന്നുണ്ട്. അല്ലാഹുവിൽ പങ്കാളിത്തം ആരോപിക്കലും അവന്റെ മഹത്വത്തിനും സമ്പൂർണതക്കും നിരക്കാത്ത ഗുണങ്ങൾ ആരോപിക്കലും അവന്റേത് അല്ലെങ്കിൽ അവന്റെ പങ്കാളികളുടേത് എന്ന പേരിൽ രൂപങ്ങൾ നിർമിക്കുന്നതും അല്ലാഹു അവതരിപ്പിച്ചിട്ടില്ലാത്ത ഗ്രന്ഥങ്ങളും വിധിവിലക്കുകളും, അവൻ അവതരിപ്പിച്ച വേദപ്രമാണങ്ങളും വെളിപാടുകളുമായി പ്രചരിപ്പിക്കലും എല്ലാം അല്ലാഹുവിന്റെ പേരിൽ കള്ളം ചമക്കലിൽ –أَفْتَرَىٰ عَلَى ٱللَّهِ– പെടുന്നു. شاهد (സാക്ഷി) ന്റെ ബഹുവചനമാണ് أشهاد. ഭൗതിക ലോകത്ത് ഓരോ മനുഷ്യന്റെയും നടപടികൾ വീക്ഷിക്കാനും രേഖപ്പെടുത്താനും നിയുക്തരായിരുന്ന മലക്കുകളാണ് ഇവിടെ ഉദ്ദേശിക്കപ്പെടുന്ന സാക്ഷികൾ എന്നാണ് പണ്ഡിതന്മാർ പൊതുവിൽ വ്യാഖ്യാനിച്ചിട്ടുള്ളത്. ചിലർ ഈ സാക്ഷികളിൽ പ്രവാചകന്മാരും ബഹുദൈവവിശ്വാസികളുടെ ആരാധ്യരും കൂടി ഉൾപ്പെടുമെന്ന് അഭിപ്രായപ്പെട്ടിരിക്കുന്നു. അല്ലാഹു കൽപിച്ച പ്രകാരം താന്താങ്ങളുടെ ജനങ്ങളിൽ സത്യവും ധർമവും പ്രബോധനം ചെയ്തിട്ടുണ്ടെന്നും, ജനം ആ സത്യസന്ദേശങ്ങൾ തള്ളിക്കളഞ്ഞുകൊണ്ട് ദൈവത്തെക്കുറിച്ച് അന്ധവിശ്വാസങ്ങൾ കൈക്കൊള്ളുകയും അവന്റെ പേരിൽ അനാചാരങ്ങൾ അനുവർത്തിക്കുകയുമായിരുന്നുവെന്ന്  വിചാരണ വേളയിൽ പ്രവാചകന്മാർ അല്ലാഹുവിന്റെ മുമ്പിൽ സാക്ഷി പറയുമെന്ന് ഖുർആൻ 4:41ൽ സൂചിപ്പിക്കുന്നുണ്ട്. തങ്ങളെ ആരാധിക്കണമെന്ന് തങ്ങൾ ആരോടും ആവശ്യപ്പെട്ടിരുന്നില്ലെന്നും, മൂഢജനം തങ്ങളെ ആരാധിക്കുന്നുണ്ടെന്ന് തങ്ങൾ അറിഞ്ഞിരുന്നുപോലുമില്ലെന്നും, അന്ധവിശ്വാസികളുടെ ആരാധ്യർ സാക്ഷ്യപ്പെടുത്തുമെന്ന് 2:166,167 സൂക്തങ്ങളും സൂചിപ്പിക്കുന്നു. അല്ലാഹുവിന്റെ പേരിൽ കള്ളം ചമച്ചവർക്കെതിരെ സാക്ഷിമൊഴി നൽകിയവരിൽനിന്നുള്ളതാണ് أَلَا لَعْنَةُ ٱللَّهِ عَلَى ٱلظَّٰلِمِينَ എന്ന ശാപവചനം. അതോടെ സകലവിധ നരകയാതനകളുടെയും കവാടം അവർക്കുനേരെ തുറക്കപ്പെടുകയായി.

സ്വയം അന്ധവിശ്വാസങ്ങളും അനാചാരങ്ങളും പുലർത്തിയതു മാത്രമല്ല അവരുടെ കുറ്റമെന്നും, അതോടൊപ്പം യഥാർഥ ദൈവവഴിയിൽനിന്ന് ആളുകളെ തടയുകയും ദൈവപ്രീതിയിലേക്കുള്ള നേരായ വഴി സ്വേഛാനുസാരം വളച്ചൊടിക്കാൻ ശ്രമിക്കുകയും ചെയ്തുവെന്നതുകൂടിയാണ് അവർ അഭിശപ്തരാവാൻ കാരണമെന്നും വ്യക്തമാക്കുകയാണ് ........ٱلَّذِينَ يَصُدُّونَ എന്നുതുടങ്ങുന്ന വാക്യം. അല്ലാഹുവിലേക്കുള്ള മാർഗം വളച്ചൊടിക്കാനുള്ള ശ്രമം പലതരത്തിലാണ്. ദൈവിക ദീനിൽ തങ്ങൾക്ക് ഇഷ്ടമില്ലാത്തത് ഒഴിവാക്കാനും തങ്ങളാഗ്രഹിക്കുന്നത് കൂട്ടിച്ചേർക്കാനും ശ്രമിക്കുക. അതിനു തയാറാവുകയാണെങ്കിൽ മുഹമ്മദിന്റെ പ്രസ്ഥാനം ഞങ്ങളും സ്വീകരിച്ചുകൊള്ളാമെന്ന് ഖുറൈശി മുശ്രിക്കുകൾ പറയാറുണ്ടായിരുന്നു. മതങ്ങൾ തമ്മിൽ സമരസപ്പെടുന്നതിന്റെയും ഐക്യപ്പെടുന്നതിന്റെയും പേരിൽ ഇങ്ങനെ ആഗ്രഹിക്കുന്നവർ ഇന്നും ഏറെയുണ്ട്. എല്ലാ മതങ്ങളും മനുഷ്യൻ അവന്റെ ഇഷ്ടാനു

സാരം നിർമിച്ചതാണെന്നും മനുഷ്യന്റെ ഇഷ്ടാനുസാരം അവ പുനർനിർമിക്കാവുന്നതാണെന്നും ഉള്ള ആശയത്തിലധിഷ്ഠിതമാണ് ഈ മനോഭാവം. എന്നാൽ ദീനുൽ ഇസ്‌ലാമിനെ അപ്രകാരം കാണുന്നതുതന്നെ അല്ലാഹുവിന്റെ പേരിൽ കള്ളം പറയലായിട്ടാണ് ഖുർആൻ വിലയിരുത്തുന്നത്. ദൈവ ദീനിൽ വിശ്വസിച്ചവരും മുസ്‌ലിം ഉമ്മത്തിൽ പെട്ടവരും എന്നവകാശപ്പെടുന്നവരിൽനിന്നും ചിലപ്പോൾ അല്ലാഹുവിന്റെ മാർഗത്തെ വളച്ചൊടിക്കാനുള്ള ശ്രമമുണ്ടാവാം. ദീനിന്റെ അടിസ്ഥാന നിയമങ്ങളെയും പ്രമാണങ്ങളെയും ദുർവ്യാഖ്യാനം ചെയ്യുന്നതിലൂടെയാണത് പ്രകടമാവുക. ഇതിനും ഈ കാലഘട്ടത്തിൽ ധാരാളം ഉദാഹരണങ്ങൾ കാണാം. ബഹുദൈവത്വപരമായ ചില വിശ്വാസങ്ങളും നടപടികളും പുണ്യകർമങ്ങളായി വ്യാഖ്യാനിക്കപ്പെടുകയും ആചരിക്കപ്പെടുകയും ചെയ്യുന്നത് നമ്മുടെ നാട്ടിൽ തന്നെ സാധാരണമാണല്ലോ.

മനുഷ്യൻ ഭൗതിക നേട്ടങ്ങൾ മാത്രം ആഗ്രഹിക്കുകയും അതിനുവേണ്ടി അല്ലാഹുവിന്റെ പേരിൽ വ്യാജമായ വിശ്വാസങ്ങളും ആചാരങ്ങളും അനുവർത്തിക്കുകയും ആളുകളെ യഥാർഥ ദൈവിക മാർഗത്തിൽനിന്ന് തടയുകയുമൊക്കെ ചെയ്യുന്നതിന്റെ അടിസ്ഥാന കാരണം വ്യക്തമാക്കുകയാണ് .......وَهُم بِٱلْأَخِرَةِ എന്ന വാക്യം. അക്കാര്യത്തിന് ശക്തമായ ഊന്നൽകുന്നതിനു വേണ്ടിയാണ് വാക്യത്തിൽ هُمْ (അവർ) എന്ന സർവനാമം ആവർത്തിച്ചത്. ചിലർ പരലോകത്തെയും ഉയിർത്തെഴുന്നേൽപിനെയും ഖണ്ഡിതമായി നിഷേധിക്കുന്നവരാണ്. ചിലരെ സംബന്ധിച്ചേടത്തോളം പരലോകവും ഉയിർത്തെഴുന്നേൽപും ഉണ്ടെങ്കിൽ തന്നെ തങ്ങൾ പൂജിക്കുന്ന ഉപദൈവങ്ങളുടെ ശിപാർശകൊണ്ട് അവിടെ തങ്ങളുടെ താൽപര്യങ്ങൾ സംരക്ഷിക്കപ്പെടും. അതായത് പാപം ചെയ്താലും പുണ്യം ചെയ്താലും മരണാനന്തരം രക്ഷ തന്നെയാണ് ലഭിക്കുക. ഫലത്തിൽ പരലോക നിഷേധം തന്നെയാണിതും.

അക്രമങ്ങളിൽ -ظلم- ഏറ്റവും ഗുരുതരമായതാണ് അല്ലാഹുവിന്റെ പേരിൽ കള്ളം പറയുന്നതും പ്രവർത്തിക്കുന്നതും. സത്യത്തിനും നീതിക്കും ധർമത്തിനും നിരക്കാത്തതെല്ലാം അക്രമവും ദൈവശാപമർഹിക്കുന്ന പാപവുമാകുന്നു. അംറുബിൻ ഹസ്മ് എന്ന ശിഷ്യനെ യമനിൽ ഗവർണറായി നിയോഗിച്ചപ്പോൾ നബി(സ) അദ്ദേഹത്തിന് എഴുതിയതായി ഇബ്നു അബീഹാതിം ഉദ്ധരിക്കുന്നു. إنّ الله كره الظلم ونهى عنه وقال ألا لعنة الله على الظلمين (അല്ലാഹു അനീതി വെറുക്കുകയും നിരോധിക്കുകയും ചെയ്തിരിക്കുന്നു. അവൻ പറഞ്ഞു: അറിയുവിൻ, അക്രമകാരികൾക്ക് ദൈവശാപമുണ്ട്). മൈമൂൻബിൻ മഹ്റാൻ(റ) പ്രസ്താവിച്ചതായി അബൂഹാതിം ഉദ്ധരിക്കുന്നു: "അക്രമിയായ ഒരാൾ നമസ്കരിക്കുമ്പോൾ തനിക്കുതന്നെ ശാപം കൂറികൊണ്ടാണ് أَلَا لَعْنَةُ ٱللَّهِ عَلَى ٱلظَّٰلِمِينَ എന്ന ഖുർആൻ വാക്യം പാരായണം ചെയ്യുക." ■